കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

e-mail:dopkd.ksad@kerala.gov.in

www.lfa.kerala.gov.in

# മുതല ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ. പി.കെ.ഡി13/834/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട് ജില്ല

തീയതി – 19.07.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുതുതല ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുതുതല ഗ്രാമപഞ്ചായത്ത് - 2017 - 18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുതല ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്ത് ഭരണസമിതി പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഭരണസമിതി എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997

കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി13/834/2019 തിയ്യതി: 19.07.2019

# പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 03.07-2017 മുതൽ 28-05-2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29-05-2019മുതൽ 10-06-2019വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | യു. പ്രീത | അസി.ഓഡിറ്റ് ഓഫീസർ |
| | എ. സുജാത | അസി.ഓഡിറ്റ് ഓഫീസർ |
| | പി.വിജയൻ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ. സി.എം നീലകണ്ഠൻ ഭട്ടതിരിപ്പാട് | 01-04-2017 മുതൽ 31-3-2018 വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീ അബൂബക്കർ കെ.എ | 01-04-17 മുതൽ 31-03-18വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.സി.പി.സുരേഷ്കുമാർ | 01-04-17 മുതൽ 31-03-18 വരെ |
| അസി.എഞ്ചിനീയർ | ശ്രീ സജീവ് കെ.കെ | 1-04-17മുതൽ 9-10-2017വരെ |
| | ശ്രീമതി സുധ എൻ.എസ് | 10-10-2017മുതൽ 28-12-2017 വരെ |
| | ശ്രീമതി ശാന്ത | 29-12-2017മുതൽ 07-01-2018 വരെ |
| | ശ്രീ സുനിൽകുമാർ | 8.1.18 മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീ രാഹുൽ കൃഷ്ണൻ | 01-04-17 മുതൽ 23-10-17 വരെ |
| | ശ്രീ ആശിഷ്. ഐ | 24-10-17 മുതൽ 1-11-17 വരെ<br>25-11-17 മുതൽ 15-12-17 വരെ<br>1.1.18 മുതൽ 31-03-18 വരെ |
| | ശ്രീമതി സുമ റോസ് സുന്ദരം | 2-11-17 മുതൽ 24-11-17 വരെ |
| | ശ്രീമതി രശ്മി എം.ബി | 16-12-17 മുതൽ 30-12-17 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. പി. ഷൈജു | 01-04-17 മുതൽ 14-06-17 വരെ |
| | ഡോ.എസ്.ശങ്കരനാരായണൻ | 15-06-17 മുതൽ 31-03-18 വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീമതി ഗീത | 01-04-17 മുതൽ 07-07-17 വരെ |
| ,, | ശ്രീ ജിതീഷ് കുമാർ | 08-07-17 മുതൽ 23-11-17 വരെ |
| ,, | ശ്രീ ഹ്യജിൽ പി.വി | 24-11-17 മുതൽ 31-3-18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി രാധ. കെ | 01-04-17 മുതൽ 31-03-18 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ. രഞ്ജിത്ത് | 01-04-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ. പ്രീത. എം | 01-04-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ. ധന്യ | 01-04-17 മുതൽ 31-03-18 വരെ |
| എച്ച്.എം, GLPS | ശ്രീമതി സതി എ.എൻ | 01-04-17 മുതൽ 31-07-17 വരെ |
| | ശ്രീ മുഹമ്മദ് അലി | 01-08-17 മുതൽ 31-03-18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജാസ്മിൻ | 01-04-17 മുതൽ 31-3-18 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം



| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-4 |
| 5 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളുടെ മറ്റ് അപാകതകൾ | 1-12 |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 2-1 |
| 2 | ഡി&ഒ ലൈസൻസ് | 2-2 |
| 3 | വസ്തു നികുതിയിന്മേലുള്ള ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ് | 2-3 |
| 4 | പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് | 2-4 |
| 5 | നിഷ്ക്രിയ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ് | 2-5 |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തെരുവ് വിളക്ക് അധികം സ്ഥാപിക്കൽ - സ്ഥാപിച്ച വിളക്കുകൾ മുഴുവൻ പ്രവർത്തന സജ്ജമാണെന്ന് ഉറപ്പാക്കേണ്ടതാണ് | 3-1 |
| 2 | കെ.എസ്.ഇ.ബി യുമായി തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി അടവാക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ് | 3-2 |
| 3 | തെരുവ് വിളക്ക് - രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതാണ് | 3-3 |
| 4 | വിവിധ സാമഗ്രികളുടെ പർച്ചേസ് - സമഗ്രമായ സമാഹരണ പദ്ധതി തയ്യാറാക്കേണ്ടതാണ് | 3-4 |

| | | |
|---|---|---|
| 5 | ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല | 3-5 |
| 6 | ആറോടി-സി.പി. പടി റോഡ് കോൺക്രീറ്റ് - കരാറുകാരന് തുക നൽകേണ്ടതാണ് | 3-6 |
| 7 | ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പാലിച്ചില്ല | 3-7 |
| 8 | ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ് | 3-8 |
| 9 | ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-9 |
| 10 | പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ്ങ് നടത്തുന്നില്ല | 3-10 |
| 11 | പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം | 3-11 |
| 12 | ജി എൽ പി എസ് പെരുമുടിയൂർ സ്കൂളിനു സ്ഥലം വാങ്ങൽ പദ്ധതി- സ്കൂളിന്റെ വാടകക്കുടിശ്ശിക അനുവദിച്ചു | 3-12 |
| 13 | മാലിന്യസംസ്കരണ പദ്ധതികൾ-കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം | 3-13 |
| 14 | പൊതുടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക - സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതാണ് | 3-14 |
| 15 | അങ്കണവാടി ഫർണിച്ചർ-കുറഞ്ഞ ടെണ്ടർ അംഗീകരിക്കാതെ ഉയർന്ന നിരക്കിൽ വാങ്ങിയതുമൂലം നഷ്ടം | 3-15 |
| 16 | അങ്കണവാടി പോഷകാഹാര പദ്ധതിക്കായി വാങ്ങിയ ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിലെടുത്തതിൽ കുറവ് | 3-16 |
| 27 | ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ കടത്തുകൂലി അധികമായി അനുവദിച്ചു- തുക തടസപ്പെടുത്തുന്നു. | 3-17 |
| 18 | പട്ടികജാതി കോളനികളിൽ സൗരോർജ്ജ ലൈറ്റ് സ്ഥാപിക്കൽ - തുടർ സംരക്ഷണം ഉറപ്പാക്കേണ്ടതാണ് | 3-18 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |

| | | |
|---|---|---|
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് താഴെ പറയും വിധം 24.3.17 തീയതിയിലെ 2-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | 6054283 |
| പ്രതീക്ഷിത വരവ് | 166924000 |
| ആകെ | 172978283 |
| പ്രതീക്ഷിത ചെലവ് | 170679000 |
| നീക്കിയിരുപ്പ് | 2299283 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 22.05.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| | പരിശോധിച്ച തീയതി | |
| 2017-18 | 29.06.2018 മുതൽ<br>30.06.2018 വരെ | KSA–PKD21/1904(66)<br>/2018/29.8.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11694168 |
| വരവ് | 55823445 |
| ആകെ | 67517613 |
| ചെലവ് | 55241868 |
| നീക്കിയിരിപ്പ് | 12275745 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 10135664 | 10135664 | 9861248 | 274416 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 11524887 | 11524887 | 8186223 | 3338664 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8052000 | 8052000 | 7887821 | 164179 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2678016 | 2678016 | 2672006 | 6010 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | | 0 | 4657999 | 4657999 | 3437855 | 1220144 |
| KLGSDP | | 0 | 3739502 | 3739502 | 3739502 | 0 |
| ബി ഫണ്ട് | | 0 | 222250 | 222250 | 222250 | 0 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | | 2245 | 13072021 | 13074266 | 13068265 | 6001 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | ശുചിത്വം | 558853 | 128365 | 687216 | 687216 | 0 |
| ടി | അങ്കണവാടി പോഷകാഹാരം | 821467 | 608813 | 1430280 | 658461 | 771819 |
| തനത് ഫണ്ട് -ബാങ്ക് അക്കൗണ്ട്- | | 6557232 | 5079551 | 11636783 | 4419124 | 7217659 |
| തനത് ഫണ്ട് - ട്രഷറി അക്കൗണ്ട്- ജനറൽ പർപ്പസ് ഗ്രാന്റ് | | 2705088 | 7819000 | 10524088 | 5600950 | 4923138 |
| ജോയിന്റ് വെഞ്ചർ - ബ്ലോക്ക് വിഹിതം | | 0 | 779000 | 779000 | 779000 | 0 |

| | | | | | |
|---|---|---|---|---|---|
| ടി - ജില്ലാ പഞ്ചായത്ത് വിഹിതം | 380190 | 170000 | 550190 | 520520 | 29670 |
| സാക്ഷരത | 101295 | 9119 | 110414 | 0 | 110414 |
| ദുരിതാശ്വാസനിധി | 41412 | 4112 | 45524 | 0 | 45524 |
| മറ്റിനം | 15910 | 592 | 16502 | 0 | 16502 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 302 | 63095275 | 176 | 40380463 | 126 | 58 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരം നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവ്വഹണോദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 19 | 12 | 3544787 | 2300488 | 64.8 |
| അസി.സെക്രട്ടറി | 7 | 7 | 3985000 | 3382650 | 84.8 |
| കൃഷി ഓഫീസർ | 13 | 8 | 4704381 | 2941374 | 62.5 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 7 | 7 | 916329 | 881972 | 96 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 1 | 1 | 500000 | 500000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8 | 4875000 | 4623562 | 94.8 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 1233600 | 1025600 | 83 |
| ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് | 7 | 7 | 1499500 | 1417807 | 94.5 |
| വി.ഇ.ഒ | 12 | 9 | 6420300 | 3713030 | 57.8 |
| അസി.എഞ്ചിനീയർ | 223 | 112 | 34693178 | 18870780 | 54 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 723200 | 723200 | 100 |
| ആകെ | 302 | 176 | 63095275 | 40380463 | 64.00 |

ആകെ വകയിരുത്തിയ തുകയുടെ 64% ആണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2245 | 1470501 | 1472746 | 1466745 | 6001 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 11601520 | 11601520 | 11601520 | 0 |
| | 2245 | 13072021 | 13074266 | 13068265 | 6001 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 33960 | 67 |
| കർഷക തൊഴിലാളി പെൻഷൻ | 3391800 | 305 |
| വിധവാ പെൻഷൻ | 12548700 | 1056 |
| വാർദ്ധക്യകാല പെൻഷൻ | 19598100 | 1548 |
| വികലാംഗ പെൻഷൻ | 3066400 | 272 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1053900 | 126 |

## 1-9 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 29.05.2019 ന് നടത്തുകയുണ്ടായി. പരിശോധനയിൽ 833/-രൂപ കാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്ന രീതിയിൽ ജീവനക്കാരെ വിന്യസിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

രസീത് വഴിയുള്ള പണം വരവ്, അതിന്റെ അടവ് എന്നിവ ചട്ടപ്രകാരം കൃത്യമായി നടക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പുവരുത്തുന്നുണ്ട്. സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്- ചെലവ് അനുപാതവും

നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തുന്നുണ്ട്.

പഞ്ചായത്തിലെ എല്ലാ വരവുകളും സ്ഥിരനിക്ഷേപം ഉൾപ്പെടെ അതു ലഭിക്കുന്ന കാലയളവിൽ തന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.

ലഭിക്കുന്ന തപാലുകൾ മുഴുവൻ പേഴ്സണൽ രജിസ്റ്ററുകളിൽ ചേർക്കുന്നില്ല. അതിനാൽ സമയബന്ധിതമായി തപാലുകൾ തീർപ്പാകുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സാധിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്. പഞ്ചായത്തിന്റെ വസ്തുനികുതിയുടെ ഡി.സി.ബി. കണക്കുകൾ സഞ്ചയയിലുള്ളതും സാംഖ്യയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതകളാണ് ഇതിന് കാരണം.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.

ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ (പൊതുമരാമത്ത്) മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന പദ്ധതി മാർഗ്ഗരേഖയിലെ നിബന്ധന പാലിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7.05.2019 | 1.04.2019 – 30.04.2019 | 07.05.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.06.2006 | 1997-98 മുതൽ 2005-06 വരെ | 14.06.2006 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ (ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്തത്)

പട്ടാമ്പി സർവീസ് സഹകരണ ബാങ്ക്, മുതുതല ബ്രാഞ്ചിൽ ₹.129591/- യുടെ സ്ഥിര നിക്ഷേപം ഉണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക (ബാലൻസ് ഷീറ്റ്) -യിൽ പ്രസ്തുത വിവരം ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (ii) ബി പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്.

1. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്ററുകൾ മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാർ ആരുംതന്നെ രണ്ട് അർദ്ധ വർഷത്തിലും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും മേൽവിലാസവും | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | നൗഷാദ്.പി, s/o മുഹമ്മദ്, പട്ടാമ്പി | 2 |
| 2 | കെ മുഹമ്മദ് അബ്ദുൾ ജലീൽ , പട്ടാമ്പി | 3 |
| 3 | രമേഷ് ബാബു, പി ഡബ്ല്യു ഡി കോൺട്രാക്ടർ, കൊട്ടുമുണ്ട | 13 |
| 4 | ടി.എം.മുഹമ്മദ്, പി ഡബ്ല്യു ഡി കോൺട്രാക്ടർ, പട്ടാമ്പി | 1 |
| 5 | എ.എം.യൂസഫ്, പി ഡബ്ല്യു ഡി കോൺട്രാക്ടർ, പട്ടാമ്പി | 14 |
| 6 | അബ്ദുൾ ഗഫൂർ.പി, പി ഡബ്ല്യു ഡി കോൺട്രാക്ടർ, ഓങ്ങല്ലൂർ | 10 |
| 7 | അലി.എം, പി ഡബ്ല്യു ഡി കോൺട്രാക്ടർ, കീഴയൂർ | 1 |
| 8 | അബൂബക്കർ.വി, പി ഡബ്ല്യു ഡി കോൺട്രാക്ടർ, കീഴയൂർ | 1 |
| 9 | ഹാജാ ഹുസൈൻ.കെ, പട്ടാമ്പി | 1 |
| 10 | പി.അബ്ദുൾ റസാക്ക്, ഓങ്ങല്ലൂർ | 2 |
| 11 | ഇബ്രാഹിം.ടി, കോണ്ടൂർക്കര | 2 |
| 12 | അഷ്റഫ് അലി.പി, പട്ടാമ്പി | 6 |
| 13 | അബ്ദുൾ റസാക്ക്.എം.വി, കോഴിക്കോട്ടിരി | 7 |
| 14 | അബ്ദുൾ അസീസ് ടി.വി, ഓങ്ങല്ലൂർ | 1 |
| 15 | പി.ഭാസ്കരൻ | 3 |

| | | |
|---|---|---|
| 16 | പി.എ.മുഹമ്മദ് റഫീക്ക് | 1 |
| 17 | പി.എം.മുഹമ്മദ് മുസ്തഫ | 1 |
| 18 | അഷ്റഫ് അലി, കൊട്ടുമുണ്ടൂർ | 1 |
| 19 | ഷമീർ പി.വി, ക്കുറ്റനാട് | 2 |
| 20 | പി.വി മുഹമ്മദ് അബ്ദുൾ റഹ്മാൻ | 3 |
| 21 | മുഹമ്മദ് കുട്ടി | 2 |
| 22 | രാമചന്ദ്രൻ | 1 |
| 23 | ഗിരീഷ് | 1 |
| 24 | അബൂബക്കർ | 1 |
| 25 | ബാലൻ.കെ | 2 |
| 26 | സൈദലവി ടി | 1 |
| 27 | ഷമീർ പി.വി | 1 |
| 28 | കാജാ ഹുസൈൻ.കെ | 1 |
| 29 | അബ്ദുൾ റഹ്മാൻ എം.വി | 1 |
| 30 | അബ്ദുൾ റസാക്ക്, കോഴിക്കോട്ടെരി | 4 |

2.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷത്തിലെ രണ്ട് അർദ്ധ വർഷത്തിലേയും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ക്ഷീരോത്പാദക സഹകരണ സംഘം, വട്ടപ്പറമ്പ് | I & II അർദ്ധവർഷം |
| 2 | ക്ഷീരോത്പാദക സഹകരണ സംഘം, കൊട്ടുമുണ്ട | I & II അർദ്ധവർഷം |
| 3 | ക്ഷീരോത്പാദക സഹകരണ സംഘം, മുതുതല | I & II അർദ്ധവർഷം |
| 4 | മാവേലി സ്റ്റോർ, മുതുതല | I & II അർദ്ധവർഷം |

3.തൊഴിൽനികുതി ഒടുക്ക് വരുത്തിയിട്ടില്ല

തൊഴിൽനികുതി രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി അടക്കാനുള്ളത് |
|---|---|---|

| | | |
|---|---|---|
| 1 | ക്ഷീരോത്പാദക സഹകരണ സംഘം, വട്ടപ്പറമ്പ് | I & II അർദ്ധവർഷം |
| 2 | ക്ഷീരോത്പാദക സഹകരണ സംഘം, കൊട്ടുമുണ്ട | I & II അർദ്ധവർഷം |
| 3 | ക്ഷീരോത്പാദക സഹകരണ സംഘം, മുതുതല | I & II അർദ്ധവർഷം |

4.റേഷൻ കടകൾ തൊഴിൽനികുതി ഒടുക്കാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2017 18 വർഷത്തെ വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 05/03.06.2019 ന് കരാറുകാരിൽ നിന്ന് തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നും കൂടാതെ തൊഴിൽ നികുതി ഈടാക്കാൻ വിട്ടുപോയ ജീവനക്കാരുടെയും സ്ഥാപന തൊഴിൽ നികുതിയും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. നികുതി ഈടാക്കാൻ വിട്ടുപോയ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും നികുതി ഈടാക്കേണ്ടതാണ്.
2. പുതിയ ലൈസൻസ് അനുവദിക്കുന്ന സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാർ ഉണ്ടെങ്കിൽ സ്ഥാപന രജിസ്റ്ററിൽ വിവരം ചേർക്കേണ്ടതാണ്.
3. മേൽസൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

# 2-2 ഡി&ഒ ലൈസൻസ്

എ.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് തിരിച്ച് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് വരവിനത്തിൽ കുറവ് വരുന്നതിന് സാധ്യതയുണ്ട്. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഡി ആന്റ് ഒ ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകി പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

ബി.റേഷൻകടകൾ ഡി&ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും

ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ റേഷൻ കടകൾക്ക് 2017-18 വർഷത്തേയ്ക്ക് ഡി&ഒ ലൈസൻസ് അനുവദിച്ച് നൽകിയിട്ടുമില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറി നം 05/03.06.19 ന് പഞ്ചായത്ത് പരിധിയിലുള്ള എല്ലാ റേഷൻ കടകൾക്കും ഡി&ഒ ലൈസൻസ് എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

സി. ഡി അന്റ് ഓ ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

31.10.2017ലെ ജി.ഒ (പി) നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം 2017 പ്രകാരം ചട്ടത്തിലെ (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) എന്നത് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. അത്തരത്തിൽ പുതുക്കിയ ചട്ടങ്ങൾക്കനുസരിച്ച് ഫീസ് ഈടാക്കുവാനുള്ള തീരുമാനങ്ങളൊന്നും ഗ്രാമപഞ്ചായത്ത് എടുത്തതായി കാണുന്നില്ല.

പുതുക്കിയ ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറി നം. 10/04.06.19ന് ഗ്രാമപഞ്ചായത്തിൽ നിലവിൽ ഫാക്ടറികളോ വ്യവസായ ശാഖകളോ ഇല്ലാത്തതിനാൽ നിലവിലും ഇതേ രീതി തന്നെയാണ് തുടർന്നു പോരുന്നത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് തലത്തിൽ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ് .
2. D&O ലൈസൻസ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ് .
3. മേൽസൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

## 2-3 വസ്തു നികുതിയിന്മേലുള്ള ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നീ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തുനികുതിയുടെ 3% ൽ കുറയാത്ത തുക.
2. തെരുവുവിളക്കുകൾ - വസ്തുനികുതിയുടെ 2% ൽ കുറയാത്ത തുക.
3. ശുചിത്വ പരിപാലനം - വസ്തുനികുതിയുടെ 4% ൽ കുറയാത്ത തുക.
4. ഡ്രൈനേജ് - വസ്തുനികുതിയുടെ 1% ൽ കുറയാത്ത തുക.

സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകമായ നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. (എൻക്വയറി 05/03.06.19)

## 2-4 പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ്

ഗ്രാമപഞ്ചായത്തിൽ ഖരമാലിന്യ സംസ്കരണത്തിന് നിലവിൽ സംവിധാനമൊന്നുമില്ല. പ്ലാസ്റ്റിക് ഉപയോഗം കുറക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ൽ നിഷ്കർഷിക്കുന്ന രീതിയിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന് 24.9.16-ലെ സർക്കുലറിലൂടെ താഴെ ചേർത്തിട്ടുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. വിൽപന സ്ഥാപനങ്ങൾ 50 മൈക്രോണിൽ കുറയാത്ത ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.
2. വിൽപന സാധനങ്ങൾ പ്ളാസ്റ്റിക് ക്യാരി ബാഗിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം.
3. ഒരു മാസം കുറഞ്ഞത് 4000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000/- രൂപ പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീയായി മേൽപ്രകാരം ഈടാക്കി രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിജ്ഞാപനം, ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.
4. പ്ളാസ്റ്റിക് മാലിന്യത്തിന്റെ തോത് അനുസരിച്ച് കൂടുതൽ മാലിന്യ പരിപാലന ഫീസ് വ്യാപാരികളിൽ നിന്നും ഈടാക്കാവുന്നതാണ്.

5. പ്ളാസ്റ്റിക് ക്യാരി ബാഗുകൾക്ക് ഫീസ് ഈടാക്കുന്നതാണ് എന്നത് വളരെ വ്യക്തമായി രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.
6. പ്ലാസ്ററിക് മാലിന്യ പരിപാലന ഫീയായി ഈടാക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള സ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്.

പ്ളാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിനായും, മാലിന്യ പരിപാലനം കാര്യക്ഷമമാക്കുന്നതിനും സർക്കുലറിലെ ഏതെങ്കിലും നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടുണ്ടെങ്കിൽ വിശദ വിവരങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് (നം.17/07.06.19) മറുപടി ലഭിച്ചിട്ടില്ല. പ്ളാസ്റ്റിക്ക് വേസ്റ്റ് നല്ല രീതിയിൽ കൈകാര്യം ചെയ്യുന്നതിന് ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 നിഷ്ക്രിയ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

2017-18 ബാലൻസ് ഷീറ്റ് അനുസരിച്ച് താഴെ പറയുന്ന നിഷ്ക്രിയമായ ഒരു ബാങ്ക് അക്കൗണ്ട് പഞ്ചായത്തിൽ നിലവിലുണ്ട്. വിവരം താഴെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | ബാങ്ക് | 31.3.18 ലെ നീക്കിയിരിപ്പ് |
|---|---|---|
| 30029250536 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (സാക്ഷരത) | 110414 |

അത്യാവശ്യമായ അക്കൗണ്ടുകൾ മാത്രം നിലനിർത്തി നിഷ്ക്രിയമായ അക്കൗണ്ട് ക്ളോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (എൻക്വയറി 05/03.06.19)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്ക് അധികം സ്ഥാപിക്കൽ - സ്ഥാപിച്ച വിളക്കുകൾ മുഴുവൻ പ്രവർത്തന സജ്ജമാണെന്ന് ഉറപ്പാക്കേണ്ടതാണ്

പ്രൊജക്റ്റ് നം - 28/18

അടങ്കൽ - 345000

ചെലവ് - 343800 (ബിൽ നം -16/16.01.18)

നിർവ്വഹണം - സെക്രട്ടറി

മേൽ പദ്ധതി പ്രകാരം 191 എണ്ണം 24 watt automatic LED വിളക്കുകൾ അമ്മിണി എനർജി സിസ്റ്റംസ്, പാപ്പനംകോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ടി

സ്ഥാപനവുമായുള്ള എഗ്രിമെന്റ് പ്രകാരം (നം - 2/17 31.10.17) വിളക്കുകൾക്ക് ഒരു വർഷത്തെ ഓൺസൈറ്റ് വാറന്റി സ്ഥാപനം വ്യവസ്ഥചെയ്തിട്ടുണ്ട്. കരാർ പ്രകാരം സ്ഥാപനം നൽകുന്ന പരാതി രജിസ്റ്ററിൽ അറ്റകുറ്റപണി ആവശ്യമുള്ള വിളക്കുകളുടെ വിവരം പഞ്ചായത്ത് രേഖപ്പെടുത്തി സ്ഥാപനത്തെ അറിയിക്കുന്നതനുസരിച്ച് സ്ഥാപനം അറ്റകുറ്റപണി നടത്തേണ്ടതാണെന്ന് കാണുന്നു.

പഞ്ചായത്ത് സെക്രട്ടറി 12.09.18 ൽ സ്ഥാപനത്തിലേക്കയച്ച കത്തിൽ 130 വിളക്കുകൾ പ്രവർത്തനക്ഷമമല്ലെന്ന് പരാമർശിച്ചു കാണുന്നു. വിളക്കുകളുടെ നിലവിലെ പ്രവർത്തനക്ഷമത അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം- 8/4.6.19) വാറന്റി അനുസരിച്ചുള്ള സേവനം സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കി വിളക്കുകളെല്ലാം തന്നെ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമാക്കിയ 3.06.19 ലെ താരിഫ് വിശദവിവരങ്ങൾ പ്രകാരം 141 എണ്ണം 24 watt എൽ.ഇ.ഡി വിളക്കകളുടെ വൈദ്യുതി ചാർജ്ജാണ് (141 x20 = 2820) പഞ്ചായത്ത് അടവാക്കുന്നത്. തൻവർഷം സ്ഥാപിച്ചത് 191വിളക്കുകളാണെന്നിരിക്കെ ബാക്കിയുള്ളവ (50 എണ്ണം) പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. വിളക്കുകൾ പ്രവർത്തന ക്ഷമമാക്കുന്ന മുറക്ക് പ്രസ്തുത വിവരം പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തി പരാതി ക്ലോസ് ചെയ്യേണ്ടതാണ്.

## 3-2 കെ.എസ്.ഇ.ബി യുമായി തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി അടവാക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയോ, കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല. നിലവിൽ പ്രതിമാസം 59490/-രൂപ വൈദ്യുതി ചാർജ്ജിനത്തിൽ താഴെ പറയും പ്രകാരം ഒടുക്കുന്നുണ്ട്.

Burning hours - 12

| ക്രമ നം | വിളക്കുകളുടെ തരം | വാട്ട് | എണ്ണം | നിരക്ക് | ആകെ തുക |
|---|---|---|---|---|---|
| 1 | സി.എഫ്.എൽ | 22 | 310 | 32 | 9920 |
| 2 | എസ്.വി ലാമ്പ് | 250 | 58 | 447 | 25926 |
| 3 | ട്യൂബ് | 2x40 | 26 | 134 | 3484 |
| 4 | ഓർഡിനറി ബൾബ് | 100 | 71 | 167 | 11857 |
| 5 | എൽ.ഇ.ഡി | 24 | 141 | 20 | 2820 |
| 6 | എൽ.ഇ.ഡി | 45 | 3 | 35 | 105 |
| 7 | എൽ.ഇ.ഡി | 18 | 142 | 14 | 1988 |
| 8 | എൽ.ഇ.ഡി | 40 | 112 | 30 | 3390 |

| | |
|---|---|
| ആകെ | 59490/- |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി വിളക്കകളുടെ എണ്ണം തിട്ടപ്പെടുത്തി അടവാക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.
2. കൂടിയ നിരക്കുള്ള ട്യൂബ്, ഓർഡിനറി ബൾബുകൾ എന്നിവ ഒഴിവാക്കി എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കാവുന്നതും, സോഡിയം വേപ്പർ ലാമ്പുകൾ ആവശ്യമുള്ളിടത്ത് മാത്രം നിലനിർത്തുകയും ചെയ്യാവുന്നതാണ്.
3. മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

# 3-3 തെരുവ് വിളക്ക് - രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതാണ്

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 അനുസരിച്ച് തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ അവശ്യം തയ്യാറാക്കേണ്ട താഴെ പറയുന്ന രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

1. തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ
2. സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ
3. രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്

കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള പരാതി രജിസ്റ്ററിൽ പൊതുജനങ്ങൾ രേഖപ്പെടുത്തുന്ന പരാതികളുടെ അടിസ്ഥാനത്തിലും, പഞ്ചായത്ത് മെമ്പർമാരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും നടത്തേണ്ടതാണ്. സാമ്പത്തിക വർഷം പരാതി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. വാർഷിക അറ്റകുറ്റപണിയുടെ ചെലവ് തെരുവ് വിളക്ക് ആസ്തി രജിസ്റ്ററിലെ കണക്ക്, പരാതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എന്നിവക്ക് അനുസൃതമാകേണ്ടതാണ്. കരാറുകാർ തങ്ങൾ റിപ്പയർ ചെയ്ത വിളക്കുകൾ ഘടിപ്പിച്ചിട്ടുള്ള ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറുകൾ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതുമാണ്.

സാമ്പത്തിക വർഷം തെരുവ് വിളക്ക് അറ്റകുറ്റപണിക്കായി തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല.

കൂടാതെ തെരുവ് വിളക്ക് സാമഗ്രികൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്ററും, രജിസ്റ്റർ ഓഫ്

അൺസർവ്വീസബിൾ ഐറ്റംസ് എന്നിവയും സൂക്ഷിക്കേണ്ടതാണ്. നിലവിൽ എല്ലാ സ്റ്റോക്കുകൾക്കും കൂടെ ഒരു രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. സ.ഉ (സാധാ) നം 2238/2016/ ത.സ്വ.ഭ.വ തീയതി 25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. കേട്ടു വന്ന സാധന സാമഗ്രികൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുമ്പോൾ ആയത് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസിൽ ചേർക്കേണ്ടതും, സ്റ്റോക്ക്-ഇൻ, സ്റ്റോക്ക് ഔട്ട് കണക്കുകൾ പൊരുത്തപ്പെടുത്തേണ്ടതുമാണ്.

## 3-4 വിവിധ സാമഗ്രികളുടെ പർച്ചേസ് - സമഗ്രമായ സമാഹരണ പദ്ധതി തയ്യാറാക്കേണ്ടതാണ്

സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ എന്ന പദ്ധതികൾക്കായി താഴെ പറയും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നം | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 23/18 (സ്പിൽ ഓവർ) | തനത് ഫണ്ട് | 40846 | 16896 |
| 296/18 | ലോക ബാങ്ക് | 160000 | 159431 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ (ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ08.11.2010) നിർദ്ദേശങ്ങളനുസരിച്ച് ഓഫീസ് ഉപകരണങ്ങൾ, ഫർണിച്ചർ തുടങ്ങിയവ മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങേണ്ടതാണ്. സാമഗ്രികളുടെ വാർഷിക ആവശ്യകത കണക്കാക്കി സമഗ്രമായ ഒരു സമാഹരണ പദ്ധതി വർഷാരംഭത്തിൽ തന്നെ തയ്യാറാക്കി ഇത്തരം പ്രൊജക്ടുകൾ ഒറ്റ പ്രൊജക്ടായി പരമാവധി നേട്ടമുണ്ടാകുന്ന തരത്തിൽ നിർവ്വഹിക്കാവുന്നതാണ്. ചെലവുകൾക്കായി തൻ വർഷത്തെ ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് പ്രൊക്യൂർമെന്റ് ടീം ഉറപ്പാക്കേണ്ടതാണ്. ഭാവിയിൽ ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല

2017-18 ൽ പൂർത്തീകരിച്ചിട്ടുള്ള (സ്പിൽ ഓവർ & പുതിയവ) റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) താഴെ പറയുന്ന റോഡ് മെയിന്റനൻസ് പ്രവൃത്തികളിൽ ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | ബിൽ നം/ ചെക്ക് നം- തുക, | ആവശ്യമായ ബിറ്റുമിൻ (kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | അളവുപുസ്തകം | | |
| 1 | കരാറുകാരൻ -ശ്രീ. എ.എം.യൂസഫ് | | | |
| | 51/18 - ന്യാറംപറമ്പ് റോഡ് റീ ടാറിംഗ് | 63/31.7.17 - 300000/-,<br>195/16-17 | VG-30– 2237.02<br>RS1-238.55<br>SS1 – 109.49 | 13.83<br>1.19<br>0.60 |
| 2 | 50/18 - പള്ള്യാൽ റോഡ് ടാറിംഗ് | 66/31.7.17-160000,<br>198/16-17 | VG-30-669.24<br>RS1-71.38<br>SS1-269.60 | 4.14<br>0.36<br>1.48 |
| 3 | 57/18-GLPS കൊട്ടമുണ്ട റോഡ് ടാറിംഗ് | 64/31.7.17-218691,<br>193/16-17 | VG-30-854.53<br>RS1-91.16<br>SS1-344.37 | 5.28<br>0.46<br>1.89 |
| 4 | 211/18- പാലത്തിട്ട് റോഡ് റീടാറിംഗ് | 92/27.2.18 -199399,<br>273/16-17 | VG-30-1455.9<br>RS1- 155.25 | 9.0<br>0.78 |
| 5 | 140/17- പഞ്ചായത്ത് ജയ്ഹിന്ദ് റോഡ് ടാറിംഗ് | 95/15.3.18 -219050,<br>278/17-18 | VG-30-1024.67<br>RS1-133.55<br>SS1-412.78 | 6.33<br>0.68<br>2.27 |
| 6 | 202/18- തെക്കുമല റോഡ് റീടാറിംഗ് | 103/15.3.18 -197123,<br>277/17 | VG-30-1810.99<br>RS1-167.70 | 11.19<br>0.84 |
| 7 | 96/17- പുല്ലുണ്ണി വടക്കുംമുറി റോഡ് റീടാറിംഗ് | 80/23.2.18 -200000,<br>288/17-18 | VG-30-1714.52<br>RS1-153.79 | 10.60<br>0.77 |
| 8 | 122/17- തെക്കേചോല അങ്കണവാടി റോഡ് റീടാറിംഗ് | 79/23.2.18 -300000,<br>283/17-18 | RS1-231.02<br>VG30- 2573.94 | 1.16<br>15.91 |
| 9 | 229/18- വൈദ്യശാല ആണ്ടാത്ത് റോഡ് റീടാറിംഗ് | 78/23.2.18 -299712<br>274/16-17 | RS1 -245.65<br>VG-30-2696.27 | 1.23<br>16.66 |
| 10 | 110/17- പന്തക്കളം റോഡ് ടാറിംഗ് | 97/18.3.18 -235417,<br>293/17 | VG-30- 1014.28<br>SS1- 408.60<br>RS1- 132.19 | 6.27<br>2.25<br>0.66 |
| 11 | 54/17 -ചെരുളി പള്ളിയാലിൽ റോഡ് | 98/15.3.18 -275988, | VG-30-1200.85<br>SS1-483.76 | 7.42<br>2.66 |

| | | | | |
|---|---|---|---|---|
| | ടാറിംഗ് | 292/17 | RS1-156.5 | 0.78 |
| 12 | 52/17- വലിയവീട്ടുപടി റോഡ് ടാറിംഗ് | 96/15.3.18 -321453,<br>280/17 | VG-30-1363.39<br>RS1-177.69<br>SS1-549.24 | 8.43<br>0.89<br>3.02 |
| 13 | 55/17 -മച്ചിങ്ങാതോടി തനിക്കര റോഡ് ടാറിംഗ് | 99/15.3.18 -228666,<br>281/17 | VG-30-1034.07<br>RS1-134.77<br>SS1-416.57 | 6.39<br>0.67<br>2.29 |
| 14 | 69/18- മമ്മിപ്പടി നമ്പ്രം റോഡ് റീടാറിംഗ് | 81/23.2.18 -105000,<br>287/17-18 | VG-30-901.81<br>RS1-81.68 | 5.57<br>0.41 |
| 15 | 55/18 - ഇളയനാർ റോഡ് റീടാറിംഗ് | 82/23.2.18-150000<br>284/17-18 | VG-30-1289.98<br>RS1-116.96 | 8.0<br>0.58 |
| 16 | 115/18 -കല്ലിങ്ങൽ പുല്ലനിക്കാട് റോഡ് ടാറിംഗ് | 84/23.2.18 -298398,<br>285/17-18 | VG-30-2497.75<br>RS1-209.57 | 15.44<br>1.05 |
| 17 | 60/18- കൊട്ടുമുണ്ട -കരുവാൻപടി റോഡ് റീടാറിംഗ് | 86/23.2.18-150000,<br>282/17-18 | VG-30.1285.63<br>RS1-115.70 | 7.95<br>0.58 |
| 18 | 59/18- അങ്കണവാടി റോഡ് ടാറിംഗ് | 87/23.2.18 -142126,<br>289/17-18 | VG-30-542.53<br>RS1- 70.71<br>SS1-218.55 | 3.35<br>0.35<br>1.20 |
| 19 | 117/18- PWD – മണ്ണിമ്മൽതൊടി ടാറിംഗ് | 88/23.1.18 -200000,<br>290/17-18 | VG-30-799.43<br>SS1-322.05<br>RS1-104.19 | 4.94<br>1.77<br>0.52 |
| 20 | 196/17 -കുളപ്രകുന്നത്ത് അങ്കണവാടി റോഡ് ടാറിംഗ് | 65/31.7.17 -197623,<br>196/16-17 | VG-30 -779.59<br>SS1-313.65<br>RS1-83.03 | 4.82<br>1.73<br>0.42 |
| ആകെ<br>ബാരലിന്റെ വില @ 250/- x207 =₹51750 | | | | 207.06 |
| | കരാറുകാരൻ -ശ്രീ.നൗഷാദ് | | | |
| 1 | 210/18 -ദുർഗ്ഗ നഗർ-പൂക്കാട്ടുകുന്ന് റോഡ് റീടാറിംഗ് | 107/21.3.18-296747,<br>295/17 | VG-30-2596.99<br>RS1- 239.95 | 16.05<br>1.20 |

| | |
|---|---|
| ആകെ<br>ബാരലിന്റെ വില @ 250/- x 17=₹4250 | 17.25 |
| ആകെ ഈടാക്കേണ്ടത് =₹51750 +₹4250 = ₹56000 | |

₹56000/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/6.6.19ന് ബാരലിന്റെ വില കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കാം എന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 3-6 ആറോടി-സി.പി. പടി റോഡ് കോൺക്രീറ്റ് - കരാറുകാരന് തുക നൽകേണ്ടതാണ്

പ്രൊജക്ട് നം. 295/18 – ആറോടി-സി.പി. പടി റോഡ് കോൺക്രീറ്റ്

അടങ്കൽ -₹.52000/- മെയി.ഗ്രാന്റ് (റോഡ്)

₹.18000/-തനതു ഫണ്ട്

----------------

ആകെ -₹.70000/-

===========

ചെലവ് -₹.52000/- ബിൽ നം. 121/24.3.18

കരാറുകാരൻ -ശ്രീ.കാജാഹുസൈൻ

എം.ബി.നം. 298

ആറോടി-സി.പി. പടി റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ പ്രവൃത്തി മൂല്യം ₹.68088/- ആണ്. കരാറുകാരൻ 28.2.18 ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ₹.52000/- (₹.1362/- നികുതി ഉൾപ്പെടെ) കരാറുകാരന് നൽകിയിട്ടുണ്ട്. ₹.16088/- കരാറുകാരൻ നൽകുവാൻ അവശേഷിക്കുന്നുണ്ട്. ₹.16088/- കരാറുകാരന് നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/6.6.2019ന് കരാറുകാരന് പണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 3-7 ഗുണഭോക്തൃസമിതി മാർഗ്ഗരേഖ പാലിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

(1) മുതല EMS വായനശാല റോഡ് സൈഡ് പ്രൊട്ടക്ഷൻ രണ്ടാം ഘട്ടം

ചെലവ് - ₹249678/- (ട്രഷറി ബിൽ നം. 54/21.7.17 )

(2) വടക്കേക്കര കുടിവെള്ള പദ്ധതി

ചെലവ് - ₹81758/- (ട്രഷറി ബിൽ നം. 57/21.7.17 )

കൺവീനർ - ശ്രീ.ഉണ്ണികൃഷ്ണൻ

(3) മാങ്ങാട്ടുതൊടി വടക്കേലതൊടി കുടിവെള്ള പദ്ധതി

ചെലവ് - ₹70644/- (ട്രഷറി ബിൽ നം. 56/21.7.17)

കൺവീനർ - ശ്രീ.വിനോദ്

(4) കൊട്ടുമുണ്ട PWDകാര്യാട്ട് പറമ്പ് സോളിംഗ്

ചെലവ് - ₹200000/- (ട്രഷറി ബിൽ നം. 114/24.3.18)

കൺവീനർ - ശ്രീ.യാഹൂട്ടി.കെ.

എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. 4 പ്രവൃത്തികളും ഗുണഭോക്തൃ സമിതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സർക്കുലർ നം.ഡി.ബി. 1/1559/2010/സി.ഇ./ത.സ്വ.ഭ.വ. തിയതി, 13.11.2014 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ക്രമനം. (1), (2), (3), (4) എന്നീ പ്രവൃത്തികളിൽ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല. സൈറ്റ് ഹാൻഡ്ഓവർ ചെയ്തതിന്റെ വിശദാംശങ്ങൾ ഇല്ല. കൺവീനറുടെയും ചെയർമാന്റെയും പേരിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ കൂടി പണമിടപാട് നടത്തണം എന്ന് നിഷ്കർഷിക്കുന്നു. അപ്രകാരം ചെയ്തിട്ടില്ല. കൺവീനറും ചെയർമാനും ഗ്രാമപഞ്ചായത്തുമായി ചമച്ച എഗ്രിമെന്റുകൾ, വരവു ചെലവു കണക്കുകൾ, ഗുണഭോക്തൃ സമിതി മിനുട്സ്, മസ്റ്റർ റോളുകൾ, സാധനങ്ങൾ വാങ്ങിയ ബിൽ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/6.6.2019ന് ഫയൽ കൈകാര്യം ചെയ്തിട്ടുള്ള എ.ഇ.യെ വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുള്ള വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദീകരണം/രേഖകളുടെ അഭാവത്തിൽ ₹602080/- രൂപയുടെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-8 ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്

ജലസംരക്ഷണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെട്ട വിഷയമാണ്. കൂടാതെ പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)72/2017ത.സ്വ.ഭ.വ. തിയതി, 29.3.2017പ്രകാരം വികസന മേഖലകൾക്കുള്ള നിർദ്ദേശങ്ങളിലും ജല വിതരണത്തേക്കാൾ ജലസംരക്ഷണ പ്രൊജക്റ്റുകൾക്ക് ഊന്നൽ നൽകേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. മുതുതല ഗ്രാമപഞ്ചായത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ എത്രത്തോളം ഫലപ്രദമായി നടപ്പിലാക്കുന്നു എന്ന് പരിശോധിച്ചതിന്റെ നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ കൃഷിയും അനുബന്ധ മേഖലകളുമാണ് പ്രധാന തൊഴിൽ. 2017-18

വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ 33 കുടിവെള്ള/ബോർവെൽ നിർമ്മാണം പദ്ധതികളിൽ 23 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജലലഭ്യത കുറവായതിനാൽ 3 പദ്ധതികൾ നടപ്പിലാക്കിയില്ല. 2017-18 വർഷത്തിൽ പൂർത്തിയാക്കിയ 23 കുടിവെള്ള പദ്ധതികളും ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ മുൻവർഷങ്ങളിൽ നടപ്പിലാക്കിയ98 കുടിവെള്ള പദ്ധതികളും ഗുണഭോക്തൃ സമിതിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ ടാങ്കർ ലോറിയിലും കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്.

2017-18 -ൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ ജലസ്രോതസ്സുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ജലസ്രോതസ്സ് | എണ്ണം |
|---|---|
| പൊതു കിണർ | 28 |
| സ്വകാര്യകിണർ | 3739 |
| ജലനിധി | 34 |

കുഴൽകിണറുകൾ/കുളങ്ങൾ എന്നിവയുടെ എണ്ണത്തെ സംബന്ധിച്ച കണക്ക് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി മേൽ വിവരിച്ച ജല സ്രോതസ്സുകളുടെ നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിലും ജലക്ഷാമം തുടരുന്ന അവസ്ഥയാണ് പഞ്ചായത്തിൽ നിലവിലുള്ളത്.

2017-18 വർഷം ഗ്രാമപഞ്ചായത്ത് ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നു പരിശോധിച്ചതിൽ ഇത്തരം പദ്ധതികൾ വളരെ ചെറിയ ശതമാനം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത് എന്നു കണ്ടെത്തി. വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ ജലസംരക്ഷണത്തിനുള്ള നിർദ്ദേശങ്ങളൊന്നും ഉയർന്നു വന്നിട്ടില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 17 കിണർ റീചാർജ്ജിംഗ് പ്രവൃത്തികൾ, 105 കിണർ നിർമ്മാണം എന്നിവ ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ജലവിതരണത്തെക്കാൾ ജല സംരക്ഷണത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ജല വിഭവ സംരക്ഷണ പ്രൊജക്ടുകൾ ഹരിതമിഷനുമായി സംയോജിപ്പിച്ച് നടപ്പിലാക്കേണ്ടതാണ്.
- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ കിണർ/ബോർവെൽ റീചാർജ്ജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്.

- കിണർ സർവേ നടത്തുകയും വേനൽക്കാലങ്ങളിൽ സ്ഥിരമായി വറ്റുന്ന കിണറുകൾ, ഫ്ലൂറൈഡ് തുടങ്ങിയവയുടെ ആധിക്യമുള്ള കിണറുകൾ, ടാങ്കർ വെള്ളം നൽകുന്നതും വേനൽക്കാലങ്ങളിൽ മറ്റ് ജലസ്രോതസ്സുകളെ ആശ്രയിക്കുന്നതുമായ സ്ഥലങ്ങൾ എന്നീ ഘടകങ്ങളുടെ മുൻഗണന പരിഗണിച്ച് കിണർ/ബോർവെൽ റീചാർജിംഗ് പ്രവർത്തനങ്ങൾ നടത്തുക.
- മഴവെള്ള സംഭരണികൾ നിർമ്മിക്കുകയും മഴക്കുഴി പോലുള്ള പ്രവൃത്തികൾ നടത്തുകയും ചെയ്യുക.
- സ്വന്തമായി കിണർ റീചാർജ് ചെയ്യുവാൻ ജനങ്ങളെ പ്രോൽസാഹിപ്പിക്കുകയും ആവശ്യമായ സാങ്കേതിക സഹായം നൽകുകയും ചെയ്യുക.
- അമിത ജല ഉപയോഗം വേണ്ടി വരുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാതിരിക്കുക.
- വരൾച്ചയെ പ്രതിരോധിക്കുന്ന മരങ്ങൾ വച്ചു പിടിപ്പിക്കുക.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അസി. എഞ്ചിനീയറുടെ പാസ്സ്ബുക്ക് (SBI, മുതുതല A/c. No. 37570373058) പരിശോധിച്ചതിൽ ടെണ്ടർ ഫോം വില ഇനത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്നുമുള്ളതുൾപ്പെടെ തുകയൊന്നും ലഭിച്ചതായി കാണുന്നില്ല. പാസ്സ്ബുക്ക് പ്രകാരം 12.3.19ന് ₹12551/- നീക്കിയിരിപ്പുണ്ട്. ഓങ്ങല്ലൂർ അസി. എഞ്ചിനീയറുടെ ലോഗിനിൽ നിന്നാണ് ടെണ്ടർ നടപടികൾ ചെയ്തിരുന്നത് എന്നും അതുകൊണ്ടാണ് പാസ്ബുക്കിലേക്ക് തുകയൊന്നും വന്നിട്ടില്ലാത്തത് എന്നും അസി. എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്നുള്ളതുൾപ്പെടെയുള്ള ടെണ്ടർ ഫോം വിലകളുടെ കൃത്യമായ കണക്ക് ലഭ്യമാക്കി തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 3-10 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ്ങ് നടത്തുന്നില്ല

ജി.ഒ.(എം.എസ്) 72/2017/തസ്വഭവ/തിയതി 29.3.2017 ലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്. വർക്കിങ്ങ് ഗ്രൂപ്പുകളിലൂടെ പദ്ധതി മോണിറ്ററിങ്ങ് നടത്തി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ട ചുമതല വികസന സ്റ്റാന്റിങ്ങ്

കമ്മറ്റിയിൽ നിക്ഷിപ്തമാണ്.

എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിങ്ങ് 2017-18 വർഷത്തെ പ്രൊജക്ട് നിർവ്വഹണത്തിൽ നടന്നിട്ടില്ല.

2017-18 വർഷം നടപ്പിലാക്കിയ പദ്ധതികളിൽ 2016-17 വർഷം നടപ്പിലാക്കിയ 82 മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളും കൂടി ഉൾപ്പെടുന്നുണ്ട്. 2016-17 വർഷത്തിൽ നടപ്പിലാക്കിയ 117 പ്രവൃത്തികളിൽ ഒന്നു പോലും 2016-17 വർഷം ട്രഷറിയിൽ നിന്നും മാറ്റിയെടുത്തിട്ടുണ്ടായിരുന്നില്ല.

എന്നാൽ വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ മേൽ വിഷയം സംബന്ധിച്ച് ചർച്ച ചെയ്തതായി കാണുന്നില്ല. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സിൽ മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തനം വിലയിരുത്തിയതായോ പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം നിരീക്ഷിച്ചതായോ കാണുന്നില്ല.

പഞ്ചായത്ത് അനിവാര്യമായും മുൻഗണന നൽകിയും സമയ ബന്ധിതമായും നടപ്പിലാക്കേണ്ട പ്രവർത്തികൾക്ക് ഫണ്ട് വകയിരുത്തി നടപ്പിലാക്കാതെ പാഴാക്കുന്നത് ശരിയായ നടപടിയല്ല. ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ പ്ലാനിങ്ങിലൂടെയല്ലാതെ പദ്ധതികൾ നടപ്പിലാക്കിയതിനാൽ പദ്ധതിപണം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട പദ്ധതിപ്പണം ഇത്തരത്തിൽ പാഴായി പ്പോകുന്നത് ആശാസ്യമല്ല.

ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ പ്ലാനിങ്ങിലൂടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് മോണിട്ടറിങ്ങ് നടത്തുന്നതിന് വേണ്ട നടപടികൾ തുടർന്നുള്ള വർഷങ്ങളിൽ കൈക്കൊള്ളുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത് / ചെലവഴിച്ചത് | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|
| 223 | 112 | 50.22% |
| 34693178 | 18870780 | 54.39% |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 50.22% പ്രൊജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയുടെ 54.39% തുകയെ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

2017-18 വർഷം നടപ്പിലാക്കിയ പദ്ധതികളിൽ 2016-17 വർഷം നടപ്പിലാക്കിയ 82 മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളും കൂടി ഉൾപ്പെടുന്നുണ്ട്.

വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം - സാധാരണ വിഹിതം) | 1499611 | 1160315 | 77.37% |
| വികസന ഫണ്ട് (എസ്.സി.പി) | 5096550 | 1661073 | 32.59% |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | | 0 |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 6991974 | 2896231 | 41.42% |
| വികസന ഫണ്ട് (ലോക ബാങ്ക് സഹായം) | 3739502 | 3580071 | 95.74% |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 0 | 0 | % |
| തനതു ഫണ്ട് | 1390091 | 678769 | 48.83% |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 14399450 | 7887821 | 54.78% |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 1576000 | 1006500 | 63.86% |
| മറ്റുള്ളവ | 0 | 0 | |
| ആകെ | 34693178 | 18870780 | 54.39% |

- ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)72/2017ത.സ്വ.ഭ.വ. തിയതി, 29.3.2017ൽ നിഷ്കർഷിക്കുന്നുണ്ട്. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് ഫണ്ട് വാർഡ് തലത്തിൽ വിഭജിക്കുന്നതിനും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നു.

- തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

കൂടാതെ 112 പദ്ധതികൾ നടപ്പിലാക്കിയതിൽ 9 (8%) പ്രൊജക്ടുകൾ മാത്രമാണ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസിനായി നടപ്പിലാക്കിയിട്ടുള്ളത്.

ആകെ പദ്ധതികളുടെ ബാഹുല്യവും കുറഞ്ഞ അടങ്കൽ തുകയുള്ള പദ്ധതികൾ

നടപ്പിലാക്കുന്നതും വഴി ഘടക സ്ഥാപനങ്ങളുടെ സംരക്ഷണത്തിനുള്ള പ്രൊജക്റ്റുകൾ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നു.

അസിസ്റ്റന്റ് എഞ്ചിനിയർ തൻവർഷം ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. കരാറുകാരൻ EMD, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങൾക്കായി അസി.എഞ്ചിനീയർക്ക് പ്ലെഡ്ജ് ചെയ്ത് സമർപ്പിക്കുന്ന FD Receipts വർക്ക് ഫയലുകളിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നു.ഇവയുടെ വിവരങ്ങൾ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.
2. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ടെണ്ടർ ഉറപ്പിച്ചതിനുശേഷം കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസ് സൂക്ഷിച്ചിട്ടില്ല.
3. ടെണ്ടർ രജിസ്റ്ററിൽ PAC, ടെണ്ടർ തിയതി, ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതി, തീരുമാനം നമ്പർ, ടെണ്ടർ ലഭിച്ച തിയതി, തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല.
4. സ്പിൽ ഓവർ പ്രവൃത്തികളുടെ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല
5. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
6. ടെണ്ടർ ഫോമുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണത്തീയതി ചേർത്തിട്ടില്ല.
8. പ്രവൃത്തികളുടെ TS ലഭ്യമായതിന്റെ രേഖ , എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ എന്നിവ വർക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
9. ഫയലുകളിൽ ടെണ്ടർ ഫോമുകൾ സൂക്ഷിച്ചിട്ടില്ല. അതിനാൽ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് സംബന്ധിച്ച വിവരങ്ങൾ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
10. പുതുക്കിയ പൊതുമരാമത്ത് മാന്വലിനനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ കാലികമാക്കിയിട്ടില്ല. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ നിബന്ധനകൾ ഉൾപ്പെടുത്തേണ്ടതാണ്.
11. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ 2013-14 വരെയുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 2017-18 വർഷം യോഗം ചേർന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സിൽ മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തനം വിലയിരുത്തിയതായോ പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം നിരീക്ഷിച്ചതായോ കാണുന്നില്ല.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ

ശ്രദ്ധിക്കേണ്ടതുമാണ്.

## 3-12 ജി എൽ പി എസ് പെരുമുടിയൂർ സ്കൂളിനു സ്ഥലം വാങ്ങൽ പദ്ധതി- സ്കൂളിന്റെ വാടകക്കുടിശ്ശിക അനുവദിച്ചു

ജി എൽ പി എസ് പെരുമുടിയൂർ സ്കൂളിനു സ്ഥലം വാങ്ങൽ പദ്ധതി- സ്കൂളിന്റെ വാടകക്കുടിശ്ശിക അനുവദിച്ചു

പ്രൊജക്ട് നം.24/18,26/18

നിർവ്വഹണം- ഹെഡ്മാസ്റ്റർ

ഫണ്ട് – മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം യഥാക്രമം 250000 രൂപയും 810000 രൂപയും വകയിരുത്തിയിട്ടുണ്ട്. പെരുമുടിയൂർ സ്കൂളിനായി 20 സെന്റ് സ്ഥലം വാങ്ങുന്നതിന് യഥാക്രമം 250000 രൂപയും 779486 രൂപയുമാണ് പിൻവലിച്ചിട്ടുള്ളത്. പ്രൊജക്ട് നം. 26/18 പ്രകാരമുള്ള ചെലവിൽ ട്രഷറി ബിൽ നം. 6/12.3.18 പ്രകാരം പിൻവലിച്ച 10236 രൂപ ജി എൽ പി എസ്, പെരുമുടിയൂർ സ്കൂൾ കെട്ടിടത്തിന്റെ വാടക നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. സ്കൂൾ കെട്ടിടത്തിന്റെ വാടക കുടിശ്ശിക നൽകുന്നതിന് പ്രൊജക്ടിൽ തുക വകയിരുത്തിയിട്ടില്ല. 1992 മുതലുള്ള വാടകയാണ് ശ്രീ. രവി എന്നയാൾക്ക് അനുവദിച്ചിട്ടുള്ളത്.

സ്ഥലം വാങ്ങൽ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടവാടക നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/3.6.2019) അറിവില്ലായ്മമൂലമാണ് സ്ഥലം വാങ്ങൽ പദ്ധതിയിലെ ബാക്കിയുള്ള തുക സ്കൂൾ കെട്ടിടത്തിന്റെ വാടക നൽകുന്നതിന് വിനിയോഗിച്ചതെന്ന് മറുപടി ലഭ്യമാക്കി. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 മാലിന്യ സംസ്കരണ പദ്ധതികൾ–കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

മാലിന്യസംസ്കരണത്തിനായി താഴെപ്പറയുന്ന രണ്ട് പ്രൊജക്ടുകളാണ് 2017-18 വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ളത്.

1) ക്ലീൻ മുതുതല

പ്ലാസ്റ്റിക് ശേഖരിച്ച് കൈയൊഴിക്കുന്നതിനായി പ്രൊജക്ട് നം. 343/18 പ്രകാരം 'ക്ലീൻ മുതുതല' എന്ന പദ്ധതി ആവിഷ്കരിച്ചു. വീടുകളിൽനിന്ന് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് മാലിന്യസംസ്കരണത്തിൽ വൈദഗ്ധ്യം ലഭിച്ച ഏജൻസിക്ക് കൈമാറുന്നതിനാണ് പ്രൊജക്ടിൽ ലക്ഷ്യമിട്ടിരുന്നത്. ഈ പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിക്കുകയും ശുചിത്വമിഷന്റെ അംഗീകാരമുള്ള എക്കോഗ്രീൻ, കോട്ടക്കൽ എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയു ചെയ്തു. 10 ടൺ ഉൾക്കൊള്ളുന്ന വാഹനത്തിൽ പ്ലാസ്റ്റിക് നീക്കം ചെയ്യുന്നതിന് ലോഡൊന്നിന് 18900 നിരക്കിൽ കരാറിലേർപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 26 ലോഡ് പ്ലാസ്റ്റിക് മാലിന്യം നീക്കം

ചെയ്യതിന് ഈ സ്ഥാപനത്തിന് 390000 രൂപ 2017-18 വർഷത്തിൽ അനുവദിച്ചു. ബാക്കി തുകയായ 100000 രൂപ 2018-19 വർഷത്തിലും അനുവദിച്ചിട്ടുണ്ട്.

2)പ്ലാസ്റ്റിക് മാലിന്യ സംസ്കരണം

പ്രൊജക്ട് നം. 38/18 പ്രകാരം പ്ലാസ്റ്റിക് മാലിന്യ സംസ്കരണം എന്ന പേരിൽ മറ്റൊരു പ്രൊജക്ട് കൂടി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി ഫണ്ടിൽ 40597 രൂപയും തനത് ഫണ്ടിൽ 259403 രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. പരിശീലനം, തുണിസഞ്ചിനിർമാണം, ശേഖരണം, അവലോകനം, പ്രചരണം എന്നീ പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഓരോയിനത്തിനും എത്ര രൂപ വീതമാണ് ചെലവഴിക്കേണ്ടതെന്ന് പ്രൊജക്ടിൽ നിർദ്ദേശിച്ചിട്ടില്ല. തനത് ഫണ്ടിൽനിന്ന് 28680 രൂപയും പ്ലാൻ ഫണ്ടിൽനിന്ന് 15450 രൂപയും ഉൾപ്പെടെ 44130 രൂപ ബോധവൽക്കരണ, പ്രചരണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു.

പ്രൊജക്ടിൽ ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങളിൽ ബോധവൽക്കരണ, പ്രചരണ പ്രവർത്തനങ്ങളൊഴികെയുള്ള മറ്റ് പ്രവർത്തനങ്ങളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജനം-നിലവിലെ സ്ഥിതി

ഗ്രാമപഞ്ചായത്ത് നാളിതുവരെയും ഖരമാലിന്യ പ്ലാന്റ് സ്ഥാപിച്ചിട്ടില്ല. ആയതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള പ്രൊജക്ടുകളൊന്നും നടപ്പിലാക്കിയിട്ടില്ല. 2018-19 വർഷത്തിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവെങ്കിലും ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമായിട്ടില്ല. ഹരിതകർമസേന രൂപീകരിച്ച് 2018-19 വർഷത്തിൽ മാലിന്യശേഖരണം നടത്തിയിട്ടുണ്ടെങ്കിലും ആയത് ഷ്രെഡിംഗ് നടത്താൻ കഴിയാതെ കൂട്ടിയിട്ടിരിക്കുകയാണ്.

സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 11 പ്രകാരം ഷ്രഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡ് പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം തേടേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.

മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 15 പ്രകാരം ആളോഹരി ഖര-ദ്രവ-ഇ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനും മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിന് ഊന്നൽ നൽകുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാധ്യതയും പരിശോധിച്ചിട്ടില്ല.

2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ അനുസരിച്ച് പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24-09-2016 ലെ സർക്കുലർ നം.576/ഡി.സി-1/16/തസ്വഭവ പ്രകാരം 50 മൈക്രോണിൽ കൂടുതലുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കുറഞ്ഞത് 4000 രൂപ പ്രതിമാസം പരിപാലന ഫീയായി പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികളിൽ നിന്നും ഈടാക്കുന്നതിനും ആയത് സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി

ചെലവഴിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ പിഴ ചുമത്തിയിട്ടില്ല. വ്യാപാര സ്ഥാപനങ്ങളിലെ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ മുതലായവ നിയന്ത്രിക്കുന്നതിനായി കർശന നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു

വർക്കിംഗ് ഗ്രൂപ്പിൽ പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നതിനും കയ്യൊഴിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളുണ്ടായിട്ടുണ്ടെങ്കിലും ആയത് പ്രായോഗികതലത്തിലേക്ക് എത്തിക്കാൻ കഴിഞ്ഞിട്ടില്ല.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലും പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നതിനും കയ്യൊഴിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണം ഫലപ്രദമല്ല എന്ന് വിലയിരുത്തുന്നു.

ഹരിതകർമസേനയുടെ പ്രവർത്തനം

പഞ്ചായത്ത് തലത്തിൽ ഒരു വാർഡിൽ രണ്ട് പേർവീതം ആകെ 15 വാർഡുകളിലായി 30 അംഗങ്ങളുള്ള ഹരിതകർമസേന 2018-19 വർഷത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് നിർവഹണോദ്യോഗസ്ഥൻ അറിയിച്ചു. വാർഡ് ഒന്നിന് 6മാസത്തേക്ക് 23100 രൂപ വീതം വയബിലിറ്റി ഗ്യാപ് ഫണ്ട് എന്ന പദ്ധതിപ്രകാരം 2018-19 വർഷത്തിൽ തുക അനുവദിച്ചിട്ടുണ്ട്.

വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ

സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി 14-02-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 ൽ ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായി അനുവദിക്കാവുന്ന സബ്സിഡിയുടെ വിശദാംശം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫലപ്രദമായ പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം ഉറപ്പാക്കുവാൻ ശ്രദ്ധിച്ചിട്ടില്ല. ബയോ ഗ്യാസ് പ്ലാന്റ്, ഗാർഹിക കംപോസ്റ്റ് മുതലായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം പ്രോൽസാഹിപ്പിക്കുന്നതിനായി അനുവദനീയമായ ഇനങ്ങൾക്ക് വിവിധ ഫണ്ടുകൾ ഉപയോഗിച്ച് സബ്സിഡി അനുവദിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിനുള്ള പൈപ്പ് കമ്പോസ്റ്റ് നൽകുന്നതിനായി 2016-17 വർഷത്തിൽ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വെർമി കംപോസ്റ്റ്, വിൻഡ്രോ കംപോസ്റ്റ് എന്നിവ ഉത്പാദിപ്പിച്ച് കർഷകർക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ വിതരണം ചെയ്യുന്നതിനുള്ള സാധ്യത പഞ്ചായത്തിന് പരിശോധിക്കാവുന്നതാണ്.

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1 പ്രകാരം നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസന മിഷനുകളിൽ ഒന്നായ ഹരിതകേരള മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യം സംസ്കരണം, ജലസംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണുള്ളത്. ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിതകേരള മിഷന്റെ ഭാഗമായി പുറപ്പെടുവിച്ച മേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്നും മാലിന്യ രഹിത തദ്ദേശ ഭരണ സ്ഥാപനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പിന്തുണാ സംവിധാനമായി ഹരിതകേരള മിഷൻ പ്രവർത്തിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഖണ്ഡിക 7.1.6(സി) ശുചിത്വ-മാലിന്യ സംസ്കരണം എന്ന ഖണ്ഡികയിലെ

മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് മാലിന്യ നിയന്ത്രണത്തിനുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 പൊതുടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക - സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതാണ്

കേരളാ വാട്ടർ അതോറിറ്റിയുടെ ഡിമാന്റനുസരിച്ച് നിലവിൽ 282 പൊതുടാപ്പുകൾക്ക് 123375/-രൂപ പ്രതിമാസം വെള്ളക്കരമിനത്തിൽ പഞ്ചായത്ത് ഒടുക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ 17.05.2019 ലെ ഡിമാന്റ് പ്രകാരം 2019 മെയ് മാസം വരെ വെള്ളക്കരത്തിന്റെ കുടിശ്ശികയായി 11,24038/- രൂപ (പിഴ 23932/-രൂപ ഉൾപ്പെടെ) വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കാനുള്ളതായി കാണുന്നു. നിലവിൽ കുടിശ്ശിക തുക ഒടുക്കാതെ തൻമാസത്തെ തുകമാത്രം ഒടുക്കിവരികയാണ് ചെയ്യുന്നത്.

കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. വാട്ടർ അതോറിറ്റിയുമായി 25.01.19 ന് നടത്തിയ സംയുക്ത പരിശോധനയിൽ പ്രവർത്തനക്ഷമമല്ലാത്ത 151 ടാപ്പുകൾ ഒഴിവാക്കുന്നതിന് 20.02.19 ന് പഞ്ചായത്ത് അപേക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് ഉൾപ്പെടെയാണ് നിലവിൽ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നത്. ഒഴിവാക്കിയ ടാപ്പുകളുടെ വെള്ളക്കരം 66063/- രൂപ പ്രതിമാസം അധികം ഒടുക്കുന്നുണ്ട്. സാമ്പത്തിക വർഷം മെയ് ന്റനൻസ് റോഡിതര ഫണ്ടിൽ നിന്ന് 200000/- രൂപ വകയിരുത്തി കുടിശ്ശികയിനത്തിൽ അടവാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മെയ്ന്റനൻസ് റോഡിതര ഫണ്ടിൽ നിന്ന് അടവാക്കിയ200000/- രൂപയും, ഒഴിവാക്കിയ 151ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഇതുവരെ അടവാക്കിയ അധിക തുകയും ഇനി അടക്കുവാനുള്ള കുടിശ്ശികയിൽ നിന്നും ക്രമീകരിച്ച് നൽകുന്നതിന് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടേണ്ടതാണ്.

2. കുടിശ്ശിക സംബന്ധിച്ച് പഞ്ചായത്തിൽ യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാട്ടർ അതോറിറ്റിയുമായി കൂടിയാലോചിച്ച് കണക്കിന്റെ കൃത്യതയും ഉറപ്പാക്കേണ്ടതാണ്.

3.സ.ഉ (സാധാ) നം 1275/2009/ ത.സ്വ.ഭ.വ തീയ്യതി 30.0 5.2009 -കുടിവെള്ള പദ്ധതികൾ - നടത്തിപ്പ് സംരക്ഷണത്തിലെ നിർദ്ദേശങ്ങളനുസരിച്ച് ഉപയോഗിക്കുന്നവക്കു മാത്രമേ വെള്ളക്കരം അടവാക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. സാമ്പത്തിക വർഷം സെക്രട്ടറി, അസി.സെക്രട്ടറി എന്നിവർ മുഖേന പദ്ധതികൾ നടപ്പിലാക്കി 41 ഗാർഹിക കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഗാർഹിക കണക്ഷനുകൾ പരമാവധി അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം ഘട്ടംഘട്ടമായി കുറക്കേണ്ടതുമാണ് .

## 3-15 അങ്കണവാടി ഫർണിച്ചർ–കുറഞ്ഞ ടെണ്ടർ അംഗീകരിക്കാതെ ഉയർന്ന നിരക്കിൽ വാങ്ങിയതുമൂലം നഷ്ടം

പ്രൊജക്ട് നം.19/18

അടങ്കൽ-150000 (റോഡിതര മെയിന്റനൻസ് ഗ്രാന്റ് )

ട്രഷറി ബിൽനം.20/18.11.17,തുക-149900

ഇൻവോയ്സ് നം.19/17.11.17, തുക-110940

ഇൻവോയ്സ് നം. 20/18.11.17,തുക-38960

അങ്കണവാടികൾക്കാവശ്യമായ ഫർണിച്ചറുകൾ വാങ്ങി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ടെണ്ടർ മുഖേനയാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. ഈ പദ്ധതി നിർവഹിച്ചതിലെ അപാകതകൾ താഴെചേർക്കുന്നു.

എ)അംഗീകരിച്ച പ്രൊജക്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

ബി)പദ്ധതിക്കായി ടെണ്ടർ പരസ്യം നൽകിയതിന്റെ രേഖകൾ, ടെണ്ടർ നോട്ടീസ് എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടെണ്ടർ നോട്ടീസിൽ ഏത് സ്പെസിഫിക്കേഷൻ ആണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമല്ല.

സി) 4 സ്ഥാപനങ്ങളാണ് ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്. സമർപ്പിച്ച ടെണ്ടറുകളിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ രാജധാനി എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഒഴിവാക്കി കോസ്റ്റൽ ഫർണിച്ചർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ഉയർന്ന നിരക്കിലുള്ള ടെണ്ടറാണ് സ്വീകരിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | അലമാര | | | ടേബിൾ | | |
|---|---|---|---|---|---|---|
| | ലൈറ്റ് | മീഡിയം | ഹെവി | ലൈറ്റ് | മീഡിയം | ഹെവി |
| കോസ്റ്റൽ ഫർണിച്ചർ ഇൻഡസ്ട്രീസ് | 4800 | 5850 | 6760 | 2360 | 2780 | 2980 |
| രാജധാനി ഏജൻസീസ് | - | 4950 | 5944 | - | 2432 | 2938 |

രാജധാനി ഏജൻസീസ് മീഡിയം, ഹെവി എന്നീയിനങ്ങളിൽ കുറവ് നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏത് തരത്തിലുള്ള ഫർണിച്ചറുകളാണ് സപ്ലൈ ചെയ്യുന്നതെന്നുള്ള സ്പെസിഫിക്കേഷൻ ബില്ലിൽ വ്യക്തമാക്കിയിട്ടില്ല. അലമാര 6760 രൂപ നിരക്കിലും മേശ 2980 എന്ന നിരക്കിലും വാങ്ങിയിട്ടുള്ളതിനാൽ ഹെവി എന്ന ഇനമാണെന്ന് വ്യക്തമാകുന്നു. അതു പ്രകാരം രാജധാനി ഏജൻസിയുടെ ഹെവി ഇനത്തിലുള്ള ഫർണിച്ചറുകളുമായി താരതമ്യം ചെയ്യുമ്പോൾ അലമാരക്ക് 816 (6760-5944) രൂപയും മേശക്ക് 42 (2980-2938) രൂപയും അധികനിരക്ക് നൽകിയിട്ടുണ്ട്. 10 മേശയും അലമാരയും ഉയർന്ന നിരക്കിൽ വാങ്ങിയതുമൂലം 8580 രൂപ നഷ്ടമുണ്ടായിരിക്കുന്നു ( 816*10+42*10)

ഡി) ടെണ്ടർ അംഗീകരിച്ച ഭരണസമിതിയുടെ തീരുമാനത്തിൽ (നം.4/5, തീയതി-30.8.17) കുറഞ്ഞ ടെണ്ടർ ഒഴിവാക്കാനുണ്ടായ സാഹചര്യം രേഖപ്പെടുത്തിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റി മുമ്പാകെയും ഭരണസമിതി മുമ്പാകെയും കമ്പാരിറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി

അംഗീകാരത്തിനായി സമർപ്പിച്ചതായി കാണുന്നില്ല.

ഇ) 8.9.2017 തീയതിയിലെ പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ കോസ്റ്റൽ ഫർണിച്ചർ എന്ന സ്ഥാപനത്തിന്റെ കുറഞ്ഞ ടെണ്ടർ അംഗീകരിക്കുന്നു എന്നുള്ള തീരുമാനം എടുത്തിരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ കുറഞ്ഞ നിരക്കുള്ള രാജധാനി എന്റർപ്രൈസസിന്റെ ടെണ്ടർ സംബന്ധിച്ച് യാതൊന്നും പരാമർശിച്ചിട്ടില്ല. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്ത് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തിനുവിധേയമായാണ് വാങ്ങലുകൾക്ക് ഭരണസമിതി അംഗീകാരം നൽകേണ്ടതെന്ന ജി.ഒ(പി)259/2010തസ്വഭവ, 8.11.2010 ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ ഭരണസമിതി 30.8.17 തീയതിയിൽ ടെണ്ടർ അംഗീകരിച്ചതിനുശേഷമാണ് 8.9.2017 തീയതിയിൽ പ്രൊക്യൂർമെന്റ് കമ്മറ്റി അംഗീകരിച്ചിരിക്കുന്നത്.

കുറഞ്ഞ ടെണ്ടർ സ്വീകരിക്കാത്തതിന് മതിയായ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ന.16/7.6.2019) ഹാജരാക്കിയ സാമ്പിളുകൾ ഭരണസമിതിയംഗങ്ങളും അങ്കണവാടി പ്രവർത്തകരും പരിശോധിച്ചതിൽ ഗുണമേൻമയുള്ള ഫർണിച്ചറുകൾ വേണമെന്ന ഉദ്ദേശത്തോടുകൂടി മാത്രമാണ്കോസ്റ്റൽ ഫർണിച്ചറിൽനിന്നും വാങ്ങിയത്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സിലോ ഭരണസമിതിയുടെ മിനുട്സിലോ ഇക്കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പ്രൊക്യൂർമെന്റ് മാർഗരേഖ പാലിക്കാതെ ഉയർന്ന ടെണ്ടർ അംഗീകരിച്ചതുമൂലമുണ്ടായ നഷ്ടം 8580 രൂപ ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥയിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-16 അങ്കണവാടി പോഷകാഹാര പദ്ധതിക്കായി വാങ്ങിയ ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിലെടുത്തതിൽ കുറവ്

പ്രൊജക്ട് നം.8/18 (അങ്കണവാടി പോഷകാഹാര പദ്ധതി-ജനറൽ)

ചെലവ്-1471660

നിർവ്വഹണം- ഐ സി ഡി എസ് സൂപ്പർവൈസർ

ട്രഷറി ബിൽനം. 2/21.11.17 പ്രകാരം മാവേലി സ്റ്റോറിൽനിന്ന് (ഇൻവോയ്സ് നം.0904120/7.11.17) വാങ്ങിയ ഭക്ഷ്യവസ്തുക്കൾ കുറവായിട്ടാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഭക്ഷ്യ ഇനം | ബിൽ പ്രകാരമുള്ള അളവ് | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള അളവ് | കുറവായ അളവ് | നിരക്ക് | കുറവായ ഭക്ഷ്യവസ്തുക്കളുടെ വില |
|---|---|---|---|---|---|
| ഗോതമ്പ് | 300 | 275 | 25 | 45.20 | 1130 |

| | | | | | |
|---|---|---|---|---|---|
| ചെറുപയർ | 94 | 84 | 10 | 68 | 680 |
| വെളിച്ചെണ്ണ | 30 | 27 | 3 | 99.50 | 298.50 |
| നിലക്കടല | 63 | 59 | 4 | 181.37 | 725.48 |
| എള്ള് | 22 | 21 | 1 | 203.49 | 203.49 |
| ആകെ | | | | | 3037.47 |

ഭക്ഷ്യവസ്തുക്കൾ കുറവായി സ്റ്റോക്കിലെടുത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/7.6.2019) സ്റ്റോക്കിൽ ചേർക്കുമ്പോൾ തെറ്റുപറ്റിയതാണെന്നും അങ്കണവാടികളിൽ കൃത്യമായി വിതരണം ചെയ്തിട്ടുണ്ടെന്നും ഐ സി ഡി എസ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കി. അങ്കണവാടികളിൽ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നതുവരെ കുറവായ ഭക്ഷ്യവസ്തുക്കളുടെ തുക 3037 രൂപ തടസപ്പെടുത്തുന്നു.

## 3-17 ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ കടത്തുകൂലി അധികമായി അനുവദിച്ചു- തുക തടസപ്പെടുത്തുന്നു.

പ്രൊജക്റ്റ് നം.8/18 (അങ്കണവാടി പോഷകാഹാര പദ്ധതി-ജനറൽ)

ചെലവ്-1471660

നിർവ്വഹണം- ഐ സി ഡി എസ് സൂപ്പർവൈസർ

ഭക്ഷ്യവസ്തുക്കളുടെ കടത്തുകൂലിയിനത്തിൽ ശ്രീ.സുധാകരൻ പി (അക്കൗണ്ട് നം.67148467684) എന്ന വ്യക്തിക്ക് കിലോഗ്രാമിന് 2 രൂപ നിരക്കിൽ താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ട്രഷറി ബിൽ | തുക | കടത്തുകൂലി യിനത്തിൽ അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1/20.9.17 | 420136 | 36828 | 18414 കി.ഗ്രാം |
| 2/21.11.17 | 579284 | 25804 | 12902 കി.ഗ്രാം |
| ചെക്ക് നം.3082535/24.3.18 | 472240 | 16836 | 8418 കി.ഗ്രാം |
| ആകെ | | 79468 | 39734 കി.ഗ്രാം |

കടത്തുകൂലി അനുവദിച്ചതുമായി ബന്ധപ്പെട്ടുള്ള അപാകതകൾ താഴെ ചേർക്കുന്നു.

എ)ബില്ലിനോടൊപ്പം എത്ര കി.ഗ്രാം ഭക്ഷ്യധാന്യങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിനുമുള്ള തുകയാണെന്ന് വ്യക്തമാക്കുന്നതിനാവശ്യമായ കാഷ്ബില്ലുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥത്തിൽ അങ്കണവാടികളിൽ ഇറക്കിയ ഭക്ഷ്യവസ്തുക്കളുടെ കിലോഗ്രാമിന്

അനുസരിച്ചാണോ തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. ടിയാൻ നൽകുന്ന സ്റ്റേറ്റ്മെന്റിന്റെ മാത്രം അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്.

ബി) സ.ഉ (എം എസ്) 567/2007/സാക്ഷേവ/7.12.07 പ്രകാരം ഭക്ഷ്യവസ്തുക്കളുടെ കടത്തുകൂലിയിനത്തിൽ അനുവദിക്കാവുന്ന കടത്തുകൂലി കി.ഗ്രാമിന് 50 പൈസ മാത്രമാണ്. ഈ തുകക്ക് ഭക്ഷ്യധാന്യങ്ങൾ എത്തിക്കാൻ കഴിയാത്ത പക്ഷം ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ വ്യക്തിയുടെ ക്വട്ടേഷൻ സ്വീകരിച്ച് ഭക്ഷ്യവിതരണം നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ കടത്തുകൂലി അനുവദിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ശ്രീ സുധാകരന് തുക അനുവദിച്ചതിന്റെ അടിസ്ഥാനം വ്യക്തമാക്കുന്നതിനാവശ്യമായ ഭക്ഷ്യവസ്തുക്കളുടെ അളവ് കാണിക്കുന്ന കാഷ് ബില്ലുകൾ വ്യക്തമാക്കുവാനും ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുവാനും അധിക തുക അനുവദിച്ചതിന്റെ കാരണം ആരാഞ്ഞും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/7.6.2019) ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകളും കാഷ്ബില്ലുകളും പിന്നീട് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കടത്തുകൂലിയിനത്തിൽ നൽകിയ 79468 രൂപ തടസപ്പെടുത്തുന്നു.

## 3-18 പട്ടികജാതി കോളനികളിൽ സൗരോർജ്ജ ലൈറ്റ് സ്ഥാപിക്കൽ - തുടർ സംരക്ഷണം ഉറപ്പാക്കേണ്ടതാണ്

പ്രൊജക്ട് നം - 275/18

അടങ്കൽ - 500000

ചെലവ് - 498750 (ബിൽ നം - 21/28.03.18)

നിർവ്വഹണം - അസി. സെക്രട്ടറി

മേൽ പദ്ധതി പ്രകാരം 14 പട്ടികജാതി കോളനികളിൽ സൗരോർജ്ജ ലൈറ്റ് സ്ഥാപിക്കുന്നതിനായി ടെണ്ടർ മുഖേന അനർട്ടിന്റെ empanelled ലിസ്റ്റിൽ ഉൾപ്പെട്ട Hykon India pvt.ltd., തൃശ്ശൂരിൽ നിന്ന് ഒരു സെറ്റിന് 35625/-രൂപ നിരക്കിൽ താഴെ പറയുന്ന സ്പെസിഫിക്കേഷൻ അനുസരിച്ച് പർച്ചേസ് ചെയ്തിട്ടുണ്ട്.

Model – 1- 75w panel

Luminary 8w, ht. 4M, dia 3 inch

വാറന്റി - 5 വർഷം

ഗ്രാമപഞ്ചായത്ത് സ്ഥാപനവുമായി ഏർപ്പെട്ട കരാറിൽ (നം - 12/03-18) വാറന്റി കാലയളവിൽ വിളക്കുകളുടെ തുടർസംരക്ഷണം ഉറപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്തു കാണുന്നില്ല. വാറന്റി കാലയളവിലെ സൗജന്യ സംരക്ഷണം ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കോളനികളിൽ സ്ഥാപിച്ചിട്ടുള്ള ലാമ്പുകളുടെ വിവരം കാണിക്കുന്ന രജിസ്റ്ററും എഗ്രിമെന്റ് ഉൾപ്പെടെയുള്ള രേഖകളും പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.
2. വാറന്റി കാലയളവിനുള്ളിൽ ലാമ്പുകൾക്കുണ്ടാകാവുന്ന കേടുപാടുകൾ ലാമ്പ് സ്ഥാപിച്ച സ്ഥാപനം തന്നെ നിർവ്വഹിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും, ലാമ്പുകളുടെ തുടർസംരക്ഷണത്തിനായി സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതുമാണ്. വാറന്റി കാലയളവിനു ശേഷം വാർഷിക അറ്റകുറ്റപണികൾക്കായി ടെണ്ടർ ക്ഷണിക്കുമ്പോൾ പെർഫോമൻസ് സെക്യൂരിറ്റി ലഭ്യമാക്കുന്നതിനുള്ള നിബന്ധന കൂടി ഉൾപ്പെടുത്തേണ്ടതാണ്. പെർഫോമൻസ് സെക്യൂരിറ്റിയുടെ നിരക്ക് അറ്റകുറ്റപണി നടത്തേണ്ട ഉപകരണത്തിന്റെ മൂല്യത്തിന്റെ 2.5% ആയിരിക്കേണ്ടതാണ്.
3. തകരാറുകൾ യഥാസമയം പരിഹരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ലാമ്പുകളുടെ പരിപാലനത്തിനും നിരീക്ഷണത്തിനുമായി ഒരു പ്രാദേശിക സമിതി രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 154000 | വൃദ്ധർക്ക് കട്ടിൽ | 154000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 325000 | സമൃദ്ധി-ഉഴവ്കൂലി | 325000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 170000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 170000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 380190 | സമൃദ്ധി-ഉഴവ്കൂലി | 350520 | 29670 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് തുക നൽകിയിട്ടില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ

അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ | ജി.ഒ.1032/ 2010/25.3.10 | 1413500 | 424050 | --- | --- | 424050 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 119439 |
| തൻവർഷം നിക്ഷേപിച്ച തുക | 10152 (പലിശ) |
| ആകെ | 129591 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ----- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 129591 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| പട്ടാമ്പി സർവിസ് സഹകരണ ബ്രാഞ്ച്, മുതുതല ബ്രാഞ്ച് FD.No.103120010398337 | 129591 |
| ആകെ | 129591 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| | ഖണ്ഡിക നം | | |
|---|---|---|---|
| 1999-00<br>27-എ,ബി, സി, ഡി | 2003-04<br>3.9.4 | മരാമത്ത് ടെന്റർ -<br>അധിക തുക നൽകിയത് | ഖണ്ഡിക തീർപ്പാക്കിയിട്ടില്ല. |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2008 -09 | 2.4 | ശ്രീ. കെ.ടി. ഗോപി (സെക്രട്ടറി) | LF. 3038/ Spl. Cell/ CSC/ D3/ 13 dated 16.07.14 | 2500 | 29/ 28848/ 3.2.11) | | | | 3600 | 0 | 2500 രൂപയും, പലിശ 1100 രൂപയും ചേർത്ത് 3600 രൂപ അടച്ചു. |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര\വാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2008-09 | 3.6 | ഡോ.ലീനാ കുമാരി | LF. 3038/ | 10000 | | | | | 0 | 10000 | അധിക വിവര |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | (മെഡിക്കൽ ഓഫീസർ) | Spl. Cell/ CSC/ D3/13 dated 16.07.14 | | | | | | | | ങ്ങൾ ലഭ്യമല്ല. |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹55823445 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹55241868 |
| വരവിനങ്ങളിലുള്ള നഷ്ടം | : | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹ 64580.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹684585.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | | 56000 | 9050-സജീവ്.കെ.കെ.,<br>അസി. എഞ്ചിനീയർ<br>46950-സുനിൽകുമാർ,<br>അസി. എഞ്ചിനീയർ |
| 3-15 | | 8580 | രാധ.കെ.,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | | 64580 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 602080 | 402080- സജീവ്.കെ.കെ., അസി. എഞ്ചിനീയർ<br>200000-സുനിൽകുമാർ, അസി. എഞ്ചിനീയർ |
| 3-16 | 3037 | രാധ.കെ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-17 | 79468 | രാധ.കെ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

| | | |
|---|---|---|
| ആകെ | 684585 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സജീവ്.കെ.കെ.,<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ,<br>തൃത്താല ഗ്രാമപഞ്ചായത്ത് | അശ്വതി,<br>കൂറ്റനാട് പി.ഒ.,<br>പാലക്കാട് |
| സുനിൽകുമാർ,<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ,<br>മുതുതല ഗ്രാമപഞ്ചായത്ത് | കിഴക്കേവിള വീട്,<br>കോലഴി,<br>തൃശ്ശൂർ |
| രാധ.കെ.,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. ഓഫീസ്,<br>ഒറ്റപ്പാലം | RNK നിവാസ്,<br>വൃന്ദാവൻ നഗർ,<br>NSS എഞ്ചിനീയറിംഗ് കോളേജ്,<br>അകത്തേത്തറ,<br>പാലക്കാട് -678008 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡികകൾ |
|---|---|---|
| 1996-97 | ഓഡിറ്റ് അദാലത്ത് 1996-97 to 2006-07 dt.9.11.2018 | 5 |
| 1997-98 | -ടി- | 18 |
| 1998-99 | -ടി- | 3 |

| | | |
|---|---|---|
| 1999-00 | -ടി- | 6 |
| 2000-01 | -ടി- | 4 |
| 2001-02 | -ടി- | 9 |
| 2002-03 | -ടി- | 5 |
| 2003-04 | -ടി- | 10 |
| 2004-05 | -ടി- | 8 |
| 2005-06 | -ടി- | 13 |
| 2006-07 | -ടി- | 19 |
| 2007-08 | എൽ.എഫ്.പി.13-116/13 dt.6.6.2014 | 15 |
| 2008-09 | എൽ.എഫ്.പി.13-978/2013 dt.5.2.2014 | 14 |
| 2009-10<br>2010-11 | എൽ.എഫ്.പി.13-2449/14 dt. 10.3.2015 | 16 |
| 2011-12 | കെ.എസ്.എ.പി.കെ.ഡി.13-642/2016 dt.19..2018 | 10 |
| 2012-13 | കെ.എസ്.എ.പി.കെ.ഡി.13-948/2016 dt.16.3.2018 | 13 |
| 2013-14<br>2014-15 | കെ.എസ്.എ.പി.കെ.ഡി.13-2015/16 dt.19.2.2018 | 7 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.13-105/2017 dt.24.1.2018 | 18 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.13-421/17 dt.24.1.2018 | 15 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ (സാധാ) 1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുതുതല ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-2

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.
2. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി കുടിശ്ശിക തുകകളും സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -2

# പത്രികകൾ

| Muthuthala Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 11625328.00 |
| Cash | Cash | RP-40(a) | 68840.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1537596.00 |
| 140000000 | Fees & User Charges | RP-4 | 443608.00 |
| 150000000 | Sale & Hire Charges | RP-5 | 190356.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 44119905.00 |
| 171000000 | Interest Earned | RP-9 | 287196.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4911531.00 |
| 350000000 | Other Liabilities | RP-36 | 38805.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 10152.00 |
| 180000000 | Other Income | RP-10 | 3454.00 |
| 340000000 | Deposits Received | RP-34 | 53749.00 |
| 350000000 | Other Liabilities | RP-36 | 385070.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3392273.00 |
| 460000000 | Loans, Advances and Deposits | RP-47 | 449750.00 |
| | Grand total | | 67517613.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3059519.00 |
| 220000000 | Administrative Expenses | RP-12 | 827823.00 |
| 230000000 | Operations & Maintenance | RP-13 | 2517114.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 5161524.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | RP-16 | 14188907.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1139835.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 1454161.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 222250.00 |
| 255000000 | Maintenance Projects | RP-20 | 7555782.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 24000.00 |
| 280000000 | Prior Period item | RP-26 | 18285.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 518752.00 |
| 350000000 | Other Liabilities | RP-36 | 3622618.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 89.00 |
| 280000000 | Prior Period Item | RP-26 | -5300.00 |
| 340000000 | Deposits Received | RP-34 | 45650.00 |
| 350000000 | Other Liabilities | RP-36 | 2100049.00 |
| 410000000 | Fixed Assets | RP-38 | 12049810.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 741000.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 12251743.00 |
| Cash | Cash | RP-40(b) | 24002.00 |
| | Grand Total | | 67517613.00 |

| Muthuthala Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule | Amount |

| | | No | |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4101885.00 |
| 140000000 | Fee & User Charges | I-4(b) | 486508.00 |
| 150000000 | Sale & Hire Charges | I-5(b) | 190356.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 88488565.00 |
| 170000000 | Income from Investments | I-7 | 10152.00 |
| 171000000 | Interest Earned | I-8 | 287196.00 |
| 180000000 | Other Income | I-9 | 3454.00 |
| | Total Income | | 93568116.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8008780.00 |
| 220000000 | Administrative Expenses | I-11(b) | 827823.00 |
| 230000000 | Operations & Maintenance | I-12(b) | 2517114.00 |
| 240000000 | Interest & Finance Charges | I-13 | 89.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7225579.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 23726372.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1139835.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1454161.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 39911150.00 |
| 255000000 | Maintenance Projects | I-14(e) | 7555782.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 24000.00 |
| 270000000 | Provisions and Write off | I-16 | 6250.00 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(a) | 170000.00 |
| | Total Expenditure | | 92566935.00 |
| | Gross Surplus/ Deficit of income over Expenditure | | 1001181.00 |
| 280000000 | Prior Period Item | I-18 | -191822.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1193003.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Muthuthala Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 8939337.98 |
| 312000000 | Reserves | B-3 | 49222884.00 |
| | Total Reserve & Surplus | | 58162221.98 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 1187792.00 |
| | Total Grants, Contributions for Specific Purposes | | 1187792.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 424050.00 |
| | Total Loans | | 424050.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 167235.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 744700.02 |
| | Total Current Liabilities and Provisions | | 911935.02 |
| | TOTAL LIABILITIES | | 60685999.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 49857020.00 |
| 411000000 | Accumulated Depreciation | B-11 | -2383943.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 47473077.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 333927.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -31250.00 |
| 440000000 | Pre-paid Expenses | B-16 | 424050.00 |
| 450000000 | Cash and Bank Balance | B-17 | 12275745.00 |
| 460000000 | Loand, Advances and Deposits | B-18 | 210450.00 |
| | Total Current Assets, Loans and Advances | | 13244172.00 |
| | Total Current Assets, Loans and Advances | | -31250.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 60685999.00 |